ഉപഭോക്തൃ സങ്കട പരിഹാര ഫോറം

വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

നമ്പർ : CGRF – 6198/25 തിയ്യതി : 29.09.2025

ഹാജർ

ടി. എസ്. ജോസ് - ചെയർപേഴ്സൺ
കെ.വിനുകൃഷ്ണൻ - മെമ്പർ
അഡ്വ. അസിയ.പി.കെ - മെമ്പർ

ജോർജ്ജ് പുലിക്കോട്ടിൽ റപ്പായ്
ടാഗോർ നഗർ, 1st സ്ട്രീറ്റ് പരാതിക്കാരൻ
മിഷൻ ക്വാർട്ടേഴ്സ്, തൃശ്ശൂർ

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം എതിർകക്ഷി
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

പരാതിയുടെ സംക്ഷിപ്ത രൂപം :

ജോർജ്ജ് പി.ആർ. ന്റെ പേരിലുള്ള കൺസ്യൂമർ നമ്പർ : 11819 - A, വൈദ്യുതി കണക്ഷനിൽ ലോഡ് വർദ്ധനവിനും ഫേസ് മാറ്റുന്നതിനുമായി 31.07.2025 ന് അപേക്ഷ നൽകി. ടി.സി.ഇ.ഡി. ടീമുമായി തുടർച്ചയായി ബന്ധപ്പെട്ടതിനെ തുടർന്ന് 22.08.2025 ന് ലോഡ് വർദ്ധനവും ഫേസ് മാറ്റവും പൂർത്തിയാക്കി. എന്നാൽ ടി വിവരങ്ങൾ ബില്ലിങ്ങ് സെക്ഷനിൽ നിന്നും സിസ്റ്റത്തിൽ അപ്ഡേറ്റ് ചെയ്യാത്തതിനാൽ സോളാർ അപേക്ഷ നൽകാൻ സാധിക്കുന്നില്ല എന്നതാണ് പരാതി.

ഫോറത്തിന്റെ നടപടികൾ :

09.09.2025 ന് ഫോറം പരാതി ഫയലിൽ സ്വീകരിച്ചു. വിഷയത്തിൽ സത്യവാങ്മൂലം ലഭ്യമാക്കുന്നതിന് സെക്ഷൻ 1 അസിസ്റ്റന്റ് എഞ്ചിനീയർക്കും ബില്ലിങ്ങ് സെക്ഷനും നിർദ്ദേശം നൽകി. 29.09.2025 ന് ഫോറം പരാതി വിശദമായി പരിശോധിച്ചു.

വിഷയത്തിൽ സെക്ഷൻ 1 അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച സത്യവാങ്മൂലം.

കൺസ്യൂമർ നമ്പർ : 11819 - A, യിൽ അഡീഷണൽ ലോഡ്, താരിഫ് ചെയ്ഞ്ച് അനുവദിക്കുന്നതിന് EW1 – 5367/25 പ്രകാരം 02.08.2025 ന് ഫയൽ സെക്ഷൻ - 1 ൽ ലഭിച്ചു. തുടർന്ന് സെക്ഷൻ ഫയൽ നടപടികളുടെ ഭാഗമായി ഇൻസ്പെക്ഷനും മറ്റു പ്രവർത്തികൾക്കും ശേഷം 20.08.2025 ന് ടി.സി.ഇ.ഡി. ചലാൻ നം.: 28858 പ്രകാരം അന്നേ ദിവസം റെസീപ്റ്റ് നം.: 901885 ൽ 11,302/- രൂപ അടവാക്കുകയും തുടർന്ന് 24.08.2025 ന് മേൽ സ്ഥലത്ത് അഡീഷണൽ ലോഡ് നൽകുകയും ചെയ്തു. തുടർന്ന് 26.08.2025 ന് ബില്ലിങ്ങ് സെക്ഷന് നൽകിയിട്ടുള്ളതാണ്. കൂടാതെ മേൽ സ്ഥലത്ത് അഡീഷണൽ ലോഡ് അനുവദിച്ചതിലൂടെ സോളാർ പ്ലാന്റും ചാർജ്ജ് ചെയ്തിട്ടുണ്ട്. ആയതിലൂടെ കൺസ്യൂമറിന്റെ പരാതികൾ എലാം പരിഹരിച്ചതായി അറിയിക്കുന്നു.

വിഷയത്തിൽ ബില്ലിങ്ങ് സെക്ഷൻ സമർഷിച്ച സത്യവാങ്മൂലം.

മേൽ പരാതിയുമായി ബന്ധപ്പെട്ട EW1 - 5367/25 ഫയൽ 26.08.2025 ൽ B1 B2 ബില്ലിങ്ങ് അസിസ്റ്റന്റ് കൈപ്പറ്റിയിട്ടുള്ളതും 10.09.2025 ൽ ടി ഫയൽ ബില്ലിങ്ങ് സെക്ഷനിൽ നിന്നും EW1 സെക്ഷനിലേക്ക് കൈമാറിയിട്ടുള്ളതും ആണ് എന്ന വസ്തുത ബോധിപ്പിച്ചുകൊള്ളുന്നു.

ഫോറത്തിന്റെ നിഗമനം :

പരാതി പരിഹരിച്ച് സോളാർ കണക്ഷൻ നൽകിയതായി കാണുന്നു.

ഉത്തരവ്:

സോളാർ കണക്ഷൻ നൽകിയതായി ലൈസൻസി അറിയിച്ചതിനാൽ പരാതി പരിഹരിച്ച് ഉത്തരവാകുന്നു. സപ്ലൈകോഡിൽ നിഷ്കർഷിക്കുന്ന പ്രകാരം, ഉപഭോക്താക്കൾക്ക് നൽകേണ്ട സേവനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് നൽകണമെന്ന് ലൈസൻസിക്ക് നിർദ്ദേശം നൽകുന്നു.

അഡ്വ. അസിയ.പി.കെ	വിനുകൃഷ്ണൻ. കെ	ടി.എസ്. ജോസ്
മെമ്പർ	മെമ്പർ	ചെയർപേഴ്സൺ